"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - അന്താരാഷ്ട്ര ഹാന്റ്ബോൾ കായികതാരമായ ശ്രീ. ശിവപ്രസാദ് എസ്-ന് പൊതുവിദ്യാഭ്യാസ വകുപ്പിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ (ഹൈസ്കൂൾ) തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (സർവീസസ് - ഡി) വകുപ്പ്**

സ.ഉ.(കൈ) നം.123/2025/GAD തീയതി,തിരുവനന്തപുരം, 29-08-2025

പരാമർശം:-
1. 23/07/2014ലെ സ.ഉ.(അച്ചടി) നം. 206/2014/പൊഭവ.
2. 23/03/2018 ലെ സ.ഉ.(കൈ) നം. 71/2018/പൊഭവ.
3. ശ്രീ. ശിവപ്രസാദ് എസ് സമർപ്പിച്ച 26/07/2022, 02/02/2024 തീയതികളിലെ നിവേദനങ്ങൾ.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09/10/2024 ലെ ഡിജിഇ/12143/2024-ഡി4 നമ്പർ കത്ത്.
5. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ 03/07/2025 ലെ കെ.എസ്.എസ്.സി/537/2025-എഫ് 1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇന്ത്യയെ പ്രതിനിധീകരിച്ച് അന്താരാഷ്ട്ര തലത്തിലും കേരളത്തെ പ്രതിനിധീകരിച്ച് ദേശീയ തലത്തിലും നിരവധി ഹാന്റ്ബോൾ മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള ശ്രീ. ശിവപ്രസാദ് എസ്, തന്റെ കായികനേട്ടങ്ങൾ പരിഗണിച്ച് സർക്കാർ സർവ്വീസിൽ നിയമനം നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (3) പ്രകാരം സർക്കാരിൽ നിവേദനങ്ങൾ സമർപ്പിച്ചിരുന്നു.

**2.** ബഹ്റൈനിൽ വെച്ച് നടന്ന 2024 ലെ 21-ാമത് ഏഷ്യൻ മെൻസ് ചാമ്പ്യൻഷിപ്പ്, 2023 ൽ ഖത്തറിൽ വെച്ച് നടന്ന 2024 ലെ പാരീസ് ഒളിമ്പിക്സിലേക്കുള്ള ഏഷ്യൻ യോഗ്യതാ മത്സരങ്ങൾ, സൗദി അറേബ്യയിൽ വെച്ച് നടന്ന 2022 ലെ 20-ാമത് ഏഷ്യൻ മെൻസ് ചാമ്പ്യൻഷിപ്പ് തുടങ്ങിയ അന്താരാഷ്ട്ര ചാമ്പ്യൻഷിപ്പുകളിൽ ഇന്ത്യയെയും നിരവധി തവണ ദേശീയ ചാമ്പ്യൻഷിപ്പുകളിലും, 2015 ലെ ദേശീയ ഗെയിംസിലും കേരളത്തെ പ്രതിനിധീകരിക്കുകയും കേരള ടീമിന്റെ ക്യാപ്റ്റനുമായിരുന്ന കായികതാരമായ ശ്രീ. ശിവപ്രസാദ് എസ് ന് ദീർഘകാലം കേരള ടീമിന്റെ മികച്ച കായിക താരമായി വ്യക്തി മുദ്രപതിപ്പിച്ച ഒരു വ്യക്തിയെന്ന നിലയിൽ പ്രത്യേക കേസായി പരിഗണിച്ച് നിയമനം നൽകുന്നതിന് കേരള സംസ്ഥാന സ്പോർട്സിൽ കൗൺസിൽ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

**3.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഇന്ത്യയെ പ്രതിനിധീകരിച്ച് അന്താരാഷ്ട്ര തലത്തിലും കേരളത്തെ പ്രതിനിധീകരിച്ച് ദേശീയ തലത്തിലും നിരവധി ഹാന്റ്ബോൾ മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള ശ്രീ. ശിവപ്രസാദ് എസ്, ശിവാനന്ദ വിലാസം, അറവിളാകം, നടുക്കാട്, നരുവാമൂട് പി.ഒ, തിരുവനന്തപുരം-ന്, ടിയാന്റെ കായികനേട്ടങ്ങൾ പ്രത്യേക കേസായി പരിഗണിച്ച്, കെ-ടെറ്റ് IV യോഗ്യതയിൽ ഇളവ് വരുത്തി, 2024 വർഷത്തിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി നീക്കിവെച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി, 35600-75400/- രൂപ ശമ്പളസ്കെയിലിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ഫിസിക്കൽ എഡ്യുക്കേഷൻ ടീച്ചർ (ഹൈസ്കൂൾ) തസ്തികയിൽ നിയമിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**4.** ശ്രീ. ശിവപ്രസാദ് എസ് ന്റെ നിയമനം പരാമർശം (1) ഉത്തരവിലെ അപ്പെന്റിക്സിലെ ഖണ്ഡിക (13), (14) എന്നിവയിലെ ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

*"(13) The Rules in the Kerala State and Subordinate Service Rules, 1958 and the Special Rules in regard to age, probation etc., shall apply to the sports persons appointed under the scheme but the rules regarding reservation of appointments shall not apply.*

*(14) Rules regarding verification of character and antecedents shall apply in the case of candidates appointed under the scheme. The candidates allotted for appointment under the scheme shall be initially appointed temporarily under General Rules 9(a) (I) of part II of the Kerala State and Subordinate Service Rules, 1958 and regularized later after their character and antecedents have been verified and found to be satisfactory."*

5. പൊതുവിദ്യാഭ്യാസ ഡയറക്ടർ ശ്രീ. ശിവപ്രസാദ് എസ് ന് ഫിസിക്കൽ എഡ്യുക്കേഷൻ ടീച്ചർ (ഹൈസ്കൂൾ) തസ്തികയിൽ നിലവിലുള്ളതോ ആദ്യം ഉണ്ടാകുന്നതോ ആയ റെഗുലർ ഒഴിവിൽ നിയമനം നൽകേണ്ടതാണ്. ടിയാളെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമുള്ള നിയമനങ്ങൾക്ക് അനുവർത്തിക്കുന്നതുപോലെ സർട്ടിഫിക്കറ്റുകൾ / രേഖകൾ നിയമനാധികാരി പരിശോധിക്കേണ്ടതാണ്. ഈ ഉത്തരവ് നടപ്പിലാക്കിയ വിവരവും ശ്രീ. ശിവപ്രസാദ് എസ് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ജോലിയിൽ പ്രവേശിച്ചില്ലായെങ്കിൽ പ്രസ്തുത വിവരവും ഡയറക്ടർ യഥാസമയം സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6. തുടർ പരിശോധനയിൽ ഈ ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചതെന്ന് കണ്ടെത്തുകയാണെങ്കിൽ ഈ ഉത്തരവ് റദ്ദാക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ബിജു ഐ എ എസ്**

**സെക്രട്ടറി**

1. ശ്രീ. ശിവപ്രസാദ് എസ്, ശിവാനന്ദ വിലാസം, അറവിളാകം, നടുക്കാട്, നരുവാമൂട് പി.ഒ, തിരുവനന്തപുരം. 695528 (*കൈപ്പറ്റ് രസീത് സഹിതം രജിസ്റ്റേഡ് തപാൽ മുഖേന*)
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
4. സെക്രട്ടറി, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം.
5. ഡയറക്ടർ, കായിക യുവജനകാര്യ വകുപ്പ്, തിരുവനന്തപുരം.
6. പൊതുഭരണ (എസ്.സി) വകുപ്പ്. (*27/08/2025 ലെ ഇനം നം. 3206 പ്രകാരം*)
7. കായിക യുവജനകാര്യ (എ) വകുപ്പ്.
8. പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്.
9. ഐ & പി ആർ ഡി വെബ് & ന്യൂ മീഡിയ.
10. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (എസ്ഡി1/243/2024/പൊഭവ)

*ഉത്തരവിൻ പ്രകാരം*

Signed by

Shano K C

Date: 30-08-2025 10:29:19

*സെക്ഷൻ ഓഫീസർ*

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-08-2025

ഫയൽ നം. എസ്.ഡി.1/243/2024/പൊ.ഭ.വ. ഇനം നം: 3206

വിഷയം : പൊതുഭരണ വകുപ്പ് - ഇന്ത്യയെ പ്രതിനിധീകരിച്ച് അന്താരാഷ്ട്ര ഹാന്റ്ബോൾ കായികമത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള ശ്രീ. ശിവപ്രസാദ്.എസ്.-ന് കായികനേട്ടങ്ങൾ പ്രത്യേക കേസായി പരിഗണിച്ച് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുഭരണ വകുപ്പ്.

SMB 29/08/25 Time 12:30 AM.

3206

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | എസ്.ഡി.1/243/2024-പൊ.ഭ.വ |
| 2 | വകുപ്പ് | : | പൊതുഭരണ (സർവീസസ്-ഡി) വകുപ്പ് |
| 3 | വിഷയം | : | ഇന്ത്യയെ പ്രതിനിധീകരിച്ച് അന്താരാഷ്ട്ര ഹാന്റ്ബോൾ കായികമത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള ശ്രീ. ശിവപ്രസാദ് എസ്.-ന് കായികനേട്ടങ്ങൾ പ്രത്യേക കേസായി പരിഗണിച്ച് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 31.07.2025 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അല്ല |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. സുധ ബി. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22.08.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22.08.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 26.08.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 26.08.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഇന്ത്യയെ പ്രതിനിധീകരിച്ച് അന്താരാഷ്ട്ര ഹാന്റ്ബോൾ കായികമത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള ശ്രീ. ശിവപ്രസാദ് എസ്.-ന് കായികനേട്ടങ്ങൾ പ്രത്യേക കേസായി പരിഗണിച്ച് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2) ഹാന്റ്ബോൾ കായികയിനത്തിൽ 24 വർഷത്തോളമായിട്ടുള്ള തന്റെ കായികനേട്ടങ്ങൾ പരിഗണിച്ച് സർക്കാർ സർവ്വീസിൽ നിയമനം നൽകണമെന്നഭ്യർത്ഥിച്ച് ശ്രീ. ശിവപ്രസാദ് എസ് സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. 2009 വർഷത്തിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനുള്ള സെലക്ട് ലിസ്റ്റിൽ റിസർവ്വ് പട്ടികയിൽ രണ്ടാമതായി ടിയാൻ ഉൾപ്പെട്ടിരുന്നു. ഹാന്റ്ബോളിന് രണ്ട് ഒഴിവുകൾ മാത്രമായതിനാൽ ടിയാന് നിയമനം ലഭിച്ചിരുന്നില്ല. 2010 മുതൽ സ്പോർട്സ് ക്വാട്ട നിയമനത്തിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ചതിനാൽ ടിയാൻ അപേക്ഷിക്കാൻ അർഹനായിരുന്നില്ല. തുടർന്നാണ് തന്റെ ദേശീയ അന്തർദേശീയ തലത്തിലുള്ള കായികനേട്ടങ്ങൾ പ്രത്യേക കേസായി പരിഗണിച്ച് സർക്കാർ സർവ്വീസിൽ നിയമനം നൽകണമെന്നഭ്യർത്ഥിച്ച് നിവേദനം സമർപ്പിച്ചിട്ടുള്ളത്.

3) നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിലൂടെ അപേക്ഷകൾ ക്ഷണിച്ചാണ്. ഇത് കൂടാതെ മന്ത്രിസഭായോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ മികച്ച കായികനേട്ടങ്ങൾ പ്രത്യേക കേസായി പരിഗണിച്ചും നിയമനങ്ങൾ നൽകാറുണ്ട്.

4) ശ്രീ. ശിവപ്രസാദ് എസ് സമർപ്പിച്ചിട്ടുള്ള അപേക്ഷ പ്രകാരം ടിയാന്റെ കായികനേട്ടങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

**അന്താരാഷ്ട്ര തലം**

| ക്രമ നം. | ചാമ്പ്യൻഷിപ്പ് | വർഷം | നേട്ടം |
|---|---|---|---|
| 1 | ബഹ്റൈനിൽ വെച്ച് നടന്ന 21–ാമത് ഏഷ്യൻ മെൻസ് ഹാന്റ്ബോൾ ചാമ്പ്യൻഷിപ്പ് | 2024 | പങ്കാളിത്തം |
| 2 | ഖത്തറിൽ വെച്ച് നടന്ന 2024 പാരീസ് ഒളിമ്പിക്സിലേക്കുള്ള യോഗ്യതാ മത്സരങ്ങൾ | 2023 | “ |

| | | | |
|---|---|---|---|
| 3 | സൗദി അറേബ്യയിൽ വെച്ച് നടന്ന 20-ാമത് ഏഷ്യൻ മെൻസ് ഹാന്റ്ബോൾ ചാമ്പ്യൻഷിപ്പ് | 2022 | " |
| 4 | ഹൈദരാബാദിൽ വെച്ച് നടന്ന 24-ാമത് ഏഷ്യൻ മെൻസ് ക്ലബ് ലീഗ് ചാമ്പ്യൻഷിപ്പ് | 2022 | " |
| 5 | ഉസ്ബെക്കിസ്ഥാനിൽ വെച്ച് നടന്ന 28-ാമത് ഇൻഡിപ്പെൻഡൻസ് കപ്പ് | 2019 | വെള്ളി മെഡൽ |

**ദേശീയതലം**

1. 37th, 38th, 39th, 40th, 41st, 42nd, 43rd, 44th, 45th, 46th, 48th, 49th, 50th, 51st, 52nd സീനിയർ നാഷണൽ ഹാന്റ്ബോൾ ചാമ്പ്യൻഷിപ്പുകളിലും 35-ാമത് ദേശീയ ഗെയിംസിലും കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തു. അഞ്ച് മത്സരങ്ങളിൽ കേരളത്തിന്റെ ക്യാപ്റ്റൻ ആയിരുന്നു.
2. 27th, 28th, 29th, 31st ദേശീയ ജൂനിയർ ചാമ്പ്യൻഷിപ്പുകളിലും 19th, 20th ദേശീയ സബ് ജൂനിയർ ചാമ്പ്യൻഷിപ്പുകളിലും 3-ാമത് ദേശീയ മിനി ഹാന്റ്ബോൾ ചാമ്പ്യൻഷിപ്പിലും 6-ാമത് ദേശീയ ബീച്ച് ഹാന്റ്ബോൾ ചാമ്പ്യൻഷിപ്പിലും കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തു.
3. 2010 ലെ അഖിലേന്ത്യ അന്തർസർവ്വകലാശാല ചാമ്പ്യൻഷിപ്പ്, 2007, 2008-09, 2009-10, 2010-11, 2011-12, 2013-14 അന്തർസർവകലാശാല ചാമ്പ്യൻഷിപ്പുകൾ എന്നിവയിൽ പങ്കെടുത്തു. 2009-10 സൗത്ത് വെസ്റ്റ് സോൺ ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനം ലഭിച്ചു.
4. നാല് തവണ ദേശീയ സ്കൂൾ മത്സരങ്ങളിൽ പങ്കെടുത്തു. 2004 ൽ രണ്ടാം സ്ഥാനം ലഭിച്ചു.

**വിദ്യാഭ്യാസ യോഗ്യതകൾ**

1. കേരള സർവ്വകലാശാലയിൽ നിന്നുള്ള ബി എ ബിരുദം.
2. അണ്ണാമലൈ സർവ്വകലാശാലയിൽ നിന്നുള്ള ബിപിഎഡ് ബിരുദം.

5) ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം ശ്രീ. ശിവപ്രസാദ് എസ് സമർപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ നിയമനത്തിന് പരിഗണിക്കാൻ കഴിയുമോ എന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെയും കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും റിപ്പോർട്ടുകൾ തേടിയിരുന്നു.

6) കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിൽ നിന്നും ലഭ്യമായ സ്പഷ്ടീകരണം പ്രകാരം ശ്രീ. ശിവപ്രസാദ് എസ് മുകളിൽ പരാമർശിച്ചിട്ടുള്ള അന്താരാഷ്ട്ര

മത്സരങ്ങളിലെല്ലാം പങ്കെടുത്തിട്ടുണ്ട്. പക്ഷേ പ്രസ്തുത മത്സരങ്ങളൊന്നും തന്നെ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല. പ്രസ്തുത മത്സരങ്ങൾ അന്താരാഷ്ട്ര ഹാന്റ്ബോൾ ഫെഡറേഷനും ഏഷ്യൻ ഹാന്റ്ബോൾ ഫെഡറേഷനും അംഗീകരിച്ചിട്ടുണ്ട്. 25/07/2023 ന് ഹാന്റ്ബോൾ അസോസിയേഷൻ ഓഫ് ഇന്ത്യയെ കേന്ദ്ര സർക്കാർ ഹാന്റ്ബോൾ കായികയിനത്തിന്റെ ദേശീയ സ്പോർട്സ് ഫെഡറേഷനായി അംഗീകരിച്ചിരുന്നു. എന്നാൽ ഹാന്റ്ബോൾ ഫെഡറേഷൻ ഓഫ് ഇന്ത്യ ഫയൽ ചെയ്ത CWP No. 19665 of 2023 ഹർജിയിൽ ബഹു. ചണ്ഡീഗഡ് ഹൈക്കോടതിയുടെ 05/09/2023 ലെ ഉത്തരവ് പ്രകാരം പ്രസ്തുത അംഗീകാരം സ്റ്റേ ചെയ്യുകയുണ്ടായി. കൂടാതെ മേൽ പരാമർശിച്ചിട്ടുള്ള അന്താരാഷ്ട്ര മത്സരങ്ങളിലെ നേട്ടങ്ങൾ ചില കേന്ദ്ര സർക്കാർ വകുപ്പുകൾ സ്പോർട്സ് ക്വാട്ട നിയമനത്തിനായി പരിഗണിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7) ശ്രീ. ശിവപ്രസാദ് എസ് സമർപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ പരിശോധിക്കുന്നതിലേക്കായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ ഒരു സബ് കമ്മിറ്റി രൂപീകരിച്ചിരുന്നു. ഹാന്റ്ബോൾ കായികയിനത്തിൽ ദേശീയ - അന്തർദേശീയ തലത്തിലുള്ള കായികനേട്ടങ്ങൾ പ്രത്യേക കേസായി പരിഗണിച്ച് ശ്രീ. ശിവപ്രസാദ് എസ്-ന് നിയമനം നൽകുവാൻ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ ശിപാർശ ചെയ്തിട്ടുണ്ട്.

8) ശ്രീ. ശിവപ്രസാദ് എസ് തനിക്ക് ഫിസിക്കൽ എഡ്യുക്കേഷൻ ടീച്ചർ (ഹൈസ്കൂൾ) തസ്തികയിൽ നിയമനം നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ട് നിവേദനം സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത തസ്തികയ്ക്കാവശ്യമായ കെ-ടെറ്റ് IV യോഗ്യത നേടിയിട്ടില്ല. ടിയാന്റെ കായികനേട്ടങ്ങൾ പരിഗണിച്ച് കെ-ടെറ്റ് യോഗ്യതയിൽ ഇളവ് വരുത്തി ഫിസിക്കൽ എഡ്യുക്കേഷൻ ടീച്ചർ (ഹൈസ്കൂൾ) തസ്തികയിൽ നിയമനം നൽകുന്നതിന് സമ്മതമാണെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

9) ഫയൽ ബഹു. കായിക വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ, ശ്രീ. ശിവപ്രസാദ് എസ് ന്റെ കായികനേട്ടങ്ങൾ പ്രത്യേക കേസായി പരിഗണിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ ഫിസിക്കൽ എഡ്യുക്കേഷൻ ടീച്ചർ (ഹൈസ്കൂൾ) തസ്തികയിൽ നിയമനം നൽകുന്നതിന് ബഹു. കായിക വകുപ്പ് മന്ത്രി ശിപാർശ ചെയ്യുകയുണ്ടായി. തുടർന്ന് ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

10) 2020-24 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനുള്ള ഒഴിവുകൾ കണക്കാക്കുമ്പോൾ ഏതെങ്കിലും വർഷത്തെ ഹാന്റ്ബോൾ വിഭാഗത്തിൽ നിന്നും ശ്രീ. ശിവപ്രസാദ് എസ്- ന് നിയമനം നൽകുന്ന തസ്തിക കുറവുചെയ്യേണ്ടതുണ്ട്. ഇക്കാര്യം പരിശോധിച്ച് കുറിപ്പ് ഭേദഗതി വരുത്താൻ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചിരുന്നു. നിലവിൽ പിന്തുടർന്നു വരുന്ന രീതി പ്രകാരം ഒരു കായികയിനത്തിനും പ്രത്യേകം ഒഴിവുകൾ നീക്കി വെച്ചിട്ടില്ല. ആകെ ഒഴിവുകളിൽ രണ്ടെണ്ണം വിഭിന്ന ശേഷിയുള്ള കായികതാരങ്ങൾക്കായി നീക്കിവെച്ചിട്ടുണ്ട്. ശേഷിക്കുന്ന ഒഴിവുകളിൽ പകുതി വ്യക്തിഗത ഇനങ്ങൾക്കായും പകുതി ടീമിനങ്ങൾക്കായും നൽകി വരുന്നു. ഹാന്റ്ബോൾ ഒരു ടീമിനമായതിനാൽ ശ്രീ. ശിവപ്രസാദ് എസ്-ന് നിയമനം നൽകുന്നതിന് ആനുപാതികമായി 2020-24 വർഷങ്ങളിൽ വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ 2024 ലെ ടീമിനത്തിൽ നിന്നും ഒരു ഒഴിവ് കുറവ് ചെയ്യാവുന്നതാണ്.

## തീരുമാനിക്കേണ്ട കാര്യം

**(1)** കേരളത്തിൽ നിന്നുള്ള അന്താരാഷ്ട്ര ഹാന്റ്ബോൾ കായികതാരമായ ശ്രീ. ശിവപ്രസാദ് എസ്-ന്, ടിയാന്റെ ദേശീയ-അന്തർദേശീയ തലത്തിലുള്ള കായികനേട്ടങ്ങൾ പ്രത്യേക കേസായി പരിഗണിച്ച്, കെ-ടെറ്റ്-IV യോഗ്യതയിൽ ഇളവ് വരുത്തി പൊതുവിദ്യാഭ്യാസ വകുപ്പിൽ ഫിസിക്കൽ എഡ്യുക്കേഷൻ ടീച്ചർ (ഹൈസ്കൂൾ) തസ്തികയിൽ നിലവിലുള്ളതോ അടുത്തുണ്ടാകുന്നതോ ആയ ഒഴിവിൽ നിയമിക്കുന്നതിന് അനുമതി നൽകാവുന്നതാണോ?

**(2)** ശ്രീ. ശിവപ്രസാദ് എസ്-ന് നിയമനം നൽകുന്നതിന് ആനുപാതികമായി 2020-2024 വർഷങ്ങളിലേക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ 2024 വർഷത്തിലെ ടീമിനത്തിലെ ഒരു ഒഴിവ് കുറയ്ക്കാവുന്നതാണോ ?